

# വിശുദ്ധ ജോസ്മരിയ എസ്ക്രിവ

## ഓപുസ്ദേയിയുടെ സ്ഥാപകൻ

### പ്രാർത്ഥന

ഓ ദൈവമെ, ഒരു ക്രൈസ്തവന്റെ സാധാരണ കടമകൾ നിർവഹിക്കുന്നതിലൂടെ ആത്മവിശുദ്ധീകരണം നേടുന്ന മാർഗ്ഗമായി ഓപുസ്ദേയി സ്ഥാപിക്കുവാൻ ഏറ്റം വിശ്വസ്ത ഉപകരണമായി അങ്ങയുടെ പുരോഹിതനായ വിശുദ്ധ ജോസ്മരിയയെ അങ്ങ് തിരഞ്ഞെടുക്കുകയും പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥം വഴി അളവറ്റ ദൈവീക കൃപകൾ നൽകി അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തുവല്ലോ. എന്റെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളും സംഭവങ്ങളും, അങ്ങയെ സ്നേഹിക്കുന്നതിനും സഭയേയും മാർപാപ്പയേയും എല്ലാ മനുഷ്യരേയും സന്തോഷത്തോടും നിസ്വാർത്ഥതയോടും സേവിക്കുന്നതിനുള്ള അവസരമാക്കിത്തീർക്കണമെ. ജീവിതപാതകളെ വിശ്വാസത്താലും സ്നേഹത്താലും പ്രകാശിപ്പിക്കുന്നതിനുമുള്ള കഴിവ് എനിക്ക് നൽകേണമേ. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം വഴി ഞാൻ അപേക്ഷിക്കുന്ന ഈ കാര്യം ... (ഇവിടെ ആവശ്യമുള്ള കാര്യം പറയുക) സാധിച്ചുതരേണമേയെന്നും പ്രാർത്ഥിക്കുന്നു. ആമേൻ.

*സ്വർഗ്ഗ..., നന്മ..., ത്രീത്വ....*

"നിങ്ങളുടെ അഭിലാഷങ്ങൾ,അനുദിനജോലികൾ, മമത ഇതോക്കെ എന്താണോ,അതുതന്നെയാണ് യേശുവിനെ നേരിൽ കണ്ടുമുട്ടുന്നസാഹചര്യ ങ്ങളും. ജീവിതത്തിലെ ഏറ്റവുംലൗകീകമായ സാഹചര്യങ്ങളിലാണ് നാം നമ്മെത്തന്നെ വിശൂദ്ധികരിക്കുകയും, ദൈവത്തെയും മനുഷ്യരേയും സേവിക്കുകയും ചെയ്യേണ്ടത്. എന്റെ പ്രിയപ്പെട്ട മക്കളേ! ആകാശവും ഭൂമിയും ചക്രവാളത്തിൽ കൂട്ടിമുട്ടുന്നപ്രതീതിയുണ്ട്. പക്ഷെ ആ കൂട്ടിമുട്ടൽ ശരിക്കും നടക്കുന്നത്, നമ്മുടെ അനുദിന ജീവിതം വിശുദ്ധീകരിക്കുമ്പോൾ, നമ്മുടെ ഹൃദയത്തിലാണ്."

വിശുദ്ധ ജോസ്മരിയയുടെ 'ലോകത്തോടുള്ള അളവറ്റ സ്നേഹം',
എന്ന പ്രസംഗത്തിൽനിന്ന്. ഒക്ടോബർ 8, 1967 .

വിശുദ്ധ ജോസ്മരിയ എസ്ക്രിവ ദെ ബലഗെർ സ്പെയ്നിലെ ബാർബസ്ത്രോ എന്ന സ്ഥലത്തു ജനുവരി 9, 1902–ന് ഭൂജാതനായി. അദ്ദേഹം സറഗോസ്സയിൽ വച്ച് മാർച്ച് 28, 1925–ന് പുരോഹിതനായി അഭിഷിക്തനായി. ദൈവീകപ്രചോതനത്താൽ അദ്ദേഹം, ഒക്ടോബർ 2, 1928–ന് ഓപുസ്ദേയി സ്ഥാപിച്ചു. ജൂൺ 26, 1975–നു റോമിൽ താൻ ജോലിചെയ്തിരുന്ന മുറിയിൽ പരിശുദ്ധ മറിയത്തിന്റെ ചിത്രത്തിൽ അവസാനമായി സ്നേഹാദരവോടെ ഒനു നോക്കിയിട്ടു അദ്ദേഹം അപ്രതീക്ഷിതമായി ചരമമടഞ്ഞു. അപ്പോഴേയ്ക്കും ഓപുസ്ദേയി അഞ്ചു ഭൂഖണ്ഡങ്ങളിലുള്ള 80 രാഷ്ട്രങ്ങളിൽ 60,000 അംഗങ്ങളുള്ള ഒരു സ്ഥാപനമായികഴിഞ്ഞിരുന്നു. വിശുദ്ധ ജോസ്മരിയയ്ക്കു മാർപാപ്പയോടും തിരുസഭയുടെ മറ്റു മേലധികാരികളോടും സ്വാഭാവികമായി ഉണ്ടായിരുന്ന പൂർണ്ണഐക്യത്തിന്റെ അതേചൈതന്യത്തോടുകൂടി ഈ സ്ഥാപനം സഭയ്കുവേണ്ട സേവനം ചെയ്തു തുടങ്ങിയിരുന്നു. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഓപുസ്ദേയിയുടെ സ്ഥാപകനെ ഒക്ടോബർ 6, 2002–ന് വിശുദ്ധനായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പെരുന്നാൾ ജൂൺ മാസം 26–ാ തിയതിയിലാണു ആഘോഷിക്കുന്നതു. വിശുദ്ധ ജോസ്മരിയയുടെ ശരീരം റോമിലെ അവർ ലേടി ഓഫ് പീസ് XXXXXXX ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു (Prelatic Church of Our Lady of Peace, Viale Bruno 75, Rome).

വിശുദ്ധ ജോസ്മരിയ എസ്ക്രിവയെപ്പറ്റി കൂടുതലായി അറിയുവാൻ ആഗ്രഹിക്കുന്നവർ താഴെകാണിച്ചിരിക്കുന്ന ഇൻഡർനെറ്റ് വിലാസത്തിൽ ബന്ധപ്പെടുക: *www.escrivaworks.org*

വിശുദ്ധ ജോസ്മരിയ എസ്ക്രിവയുടെ മാദ്ധ്യസ്ഥം വഴി ഉദ്ദിഷ്ഠ കാര്യങ്ങൾ സാധിക്കുന്നവർ പ്രസ്തുതവിവരം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അറിയിക്കണമെന്നു താല്പര്യപ്പെടുന്നു. Opus Dei Prelature, P.O.Box 4559, New Delhi - 110016

വിശുദ്ധ സഭയുടെ അംഗീകാരത്തോടുകൂടി